## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7059</u> <u>11.07.2014 - ൽ മറുപടിക്ക്</u>

## തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ. (സോഷ്യൽ സ്റ്റഡീസ്) റാങ്ക് ലിസ്റ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. ശിവൻകുട്ടി | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) | തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ. (സോഷ്യൽ സ്റ്റഡീസ്) നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും ഇക്കഴിഞ്ഞ ഒമ്പതുമാസത്തിനുള്ളിൽ എത്ര പേർക്ക് നിയമനം നല്കി എന്നും അത് ആർക്കൊക്കെയാണെന്നും വ്യക്തമാക്കുമോ ; | (എ) | അഞ്ച് പേർക്ക് നിയമനം നൽകി.<br>1. ലാലി.എൻ., കാവിൻപുറം, പനകോട് പി.ഒ.<br>2. ഷഹുഫുന്നിസ.എ, മേനേവിട്ടുവിളാകം, ചാരോട്ടുകോണം<br>3. അനിൽകുമാർ.എച്ച്. പ്ലാമുട്ടുവീട്, തുമ്പുംകോണം, ആര്യനാട്. പി.ഒ.<br>4. പ്രിയങ്ക.പി.യു., കുന്നുംപുറത്തുവീട്, അലംപൊറ്റ, കൂവളശ്ശേരി പി.ഒ.<br>5. രജിത.എ.ആർ.,രജിതാഭവൻ, വേളാവൂർ, കോലിയക്കോട് പി.ഒ. |
| (ബി) | സ്റ്റാഫ് ഫിക്സേഷൻ യഥാസമയം നടക്കാത്തതിനാലും ഹൈസ്കൂളിൽ നിന്നും ഹയർ സെക്കന്ററിയിലേയ്ക്ക് നടക്കേണ്ട പ്രൊമോഷനുകൾ കൃത്യമായി നടക്കാത്തതിനാലും കാലാവധി ദീർഘിപ്പിച്ചതിന്റെ പ്രയോജനം ടി റാങ്ക് ലിസ്റ്റിൽ ഉള്ളവർക്ക് കിട്ടാത്ത സാഹചര്യത്തിൽ സ്റ്റാഫ് ഫിക്സേഷനും ഹൈസ്കൂളിൽ നിന്നു ഹയർ സെക്കന്ററിയിലേയ്ക്കുള്ള പ്രമോഷനും ഈ മാസം തന്നെ പൂർത്തിയാക്കി പ്രസ്തുത റാങ്ക് ലിസ്റ്റിലുള്ളവർക്ക് ഉടൻതന്നെ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ബി) | 2014-15 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം യു.ഐ.ഡി. അടിസ്ഥാനമാക്കി നിലവിലെ നിബന്ധനകൾക്ക് വിധേയമായി 2014 ജൂലൈ 15-ന് മുമ്പായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. തസ്തിക നിർണ്ണയം പൂർത്തിയായ ശേഷം ലഭ്യമായേക്കാവുന്ന ഒഴിവുകൾ നിയമാനുസൃതം നിയമനാധികാരി നികത്തുന്നതും നേരിട്ടുള്ള നിയമനത്തിന് അർഹതയുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള പൊതുനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ